ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.02.2025**

## പ്രധാനവാർത്തകൾ

1. ഡൽഹിയിൽ രണ്ടര പതിറ്റാണ്ടിന് ശേഷം ബി ജെ പി അധികാരത്തിലേക്ക്. ബി ജെ പിക്ക് 48 ഉം, എ എ പിക്ക് 22 സീറ്റികളിലും ജയം. മൂന്നാം തവണയും സീറ്റില്ലാതെ കോൺഗ്രസ്. ജനങ്ങൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി.
2. ഗവേഷണ ഫലങ്ങൾ സാധാരണക്കാർക്കും ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ 10 സർവ്വകലാശാലകളിൽ ട്രാൻസലേഷനൽ ലാബുകൾ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി. കേരള ശാസ്ത്ര കോൺഗ്രസിന് തൃശൂരിൽ തുടക്കം.
3. കേരള രാജ്യാന്തര ഊർജമേളയുടെ രണ്ടാം പതിപ്പിന് നാളെ തിരുവനന്തപുരത്ത് സമാപനം.
4. 38-ാമത് ദേശീയ ഗെയിംസ് അത്ലറ്റിക്സിൽ കേരളത്തിന് ഇന്ന് മൂന്ന് വെങ്കലം. മെഡൽ പട്ടികയിൽ സർവ്വീസസ് ആധിപത്യം തുടരുന്നു.
5. 130-ാമത് മാരാമൺ കൺവെൻഷന് നാളെ തുടക്കമാകും.

&&&&&&&&&&&&

<u>ഡൽഹി തെരഞ്ഞെടുപ്പ്+പ്രധാനമന്ത്രി</u>

ഡൽഹിയിൽ ബി ജെ പി അധികാരത്തിലേക്ക്. 70 അംഗ നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ബി ജെ പി 48 സീറ്റിലും ആം ആദ്മി പാർട്ടി 22 സീറ്റിലും വിജയിച്ചു. മുൻ

RNU TVPM

മുഖ്യമന്ത്രിയും ആം ആത്മി പാർട്ടി കൺവീനറുമായ അരവിന്ദ് കെജ്‌രിവാൾ, മനീഷ് സിസോദിയ എന്നിവർ പരാജയപെട്ടു. ഡൽഹി മുഖ്യമന്ത്രി ആതീഷി മാർലേന വിജയിച്ചു. അതെസമയം,തിരഞ്ഞെടുപ്പ് വിജയത്തിന് ജനങ്ങൾക്ക് നന്ദി അറിയിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജനങ്ങളുടെ ശക്തിയാണ് പരമപ്രധാനമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&

വി മുരളീധരൻ+ കെ സുരേന്ദ്രൻ

അഴിമതിക്കെതിരെയുള്ള ജനവിധിയാണ് ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് ഫലമെന്ന് മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ. അഴിമതിക്കെതിരെ കേരളവും ഇതുപോലെ വിധിയെഴുതാൻ തയാറാകുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിലെ ബിജെപിയുടെ വൻവിജയം നരേന്ദ്രമോദി സർക്കാരിൻ്റെ വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രതികരിച്ചു.

RNU TVPM

&&&&&&&&&&&&

തെരഞ്ഞെടുപ്പ് പ്രതികരണം

ഡൽഹിയിൽ ബിജെപി അധികാരത്തിൽ എത്തിയത് കോൺഗ്രസിൻറെ സ്വയം ഇല്ലാതാക്കുക എന്ന നിലപാട് കൊണ്ടാണെന്ന് സി പി ഐ (എം) സംസ്ഥാന സെക്രട്ടറി എം. വി ഗോവിന്ദൻ പറഞ്ഞു. കോൺഗ്രസിന് ഡൽഹിയിൽ തിരിച്ചടിയായത് ഐ എൻ ഡി ഐ മുന്നണിയിലെ

ഭിന്നിപ്പാണെന്ന് മുസ്ലീം ലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി പ്രതികരിച്ചു.

**&&&&&&&&&&&&**

<u>മുഖ്യമന്ത്രി ശാസ്ത്ര കോൺഗ്രസ്</u>

ഗവേഷണ ഫലങ്ങൾ പൊതു സമൂഹത്തിലേക്ക് എത്തിക്കാൻ സംസ്ഥാനത്തെ 10 സർവ്വകലാശാലകളിൽ ട്രാൻസലേഷനൽ റിസേർച് ലാബുകൾ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൃശ്ശൂർ വെള്ളാനിക്കര കാർഷിക സർവ്വകലാശാലയിൽ 37-ാമത് കേരള ശാസ്ത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 200 കോടി രൂപയാണ് ലാബ് സ്ഥാപിക്കുന്നതിനുള്ള ചെലവ്. കഴിഞ്ഞ മൂന്നര പതിറ്റാണ്ട് കാലം കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക രംഗത്ത് പ്രധാന സംഭാവന നല്കാൻ ശാസ്ത്രകോൺഗ്രസിന് സാധിച്ചതായി അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഈ വർഷത്തെ യുവ ശാസ്ത്രജ്ഞ പുരസ്കാരം മുഖ്യമന്ത്രി സമ്മാനിച്ചു.

RNU TVPM

**&&&&&&&&&&&&**

<u>വി ശിവൻകുട്ടി - ലിറ്റിൽ കൈറ്റ്സ്-ഇൻട്രോ</u>

സംസ്ഥാനത്ത് കൈറ്റിന്റെ നേതൃത്വത്തിൽ സ്വന്തമായ 'എ.ഐ. എഞ്ചിൻ' ഈ വർഷം തയ്യാറാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ലിറ്റിൽകൈറ്റ്സ് കുട്ടികളുടെ സംസ്ഥാന ക്യാമ്പിന്റെ ഉദ്ഘാടനവും സ്കൂളുകളിൽ കൈറ്റിന്റെ റോബോട്ടിക് കിറ്റുകൾ വിന്യസിച്ചതിന്റെ പൂർത്തീകരണ പ്രഖ്യാപനവും തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

എല്ലാ കുട്ടികൾക്കും റോബോട്ടിക്സ് പഠനത്തിന് അവസരം ഒരുക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&

<u>രാജ്യാന്തര ഊർജ്ജമേള</u>

കേരള രാജ്യാന്തര ഊർജമേളയുടെ രണ്ടാം പതിപ്പ് നാളെ തിരുവനന്തപുരത്ത് സമാപിക്കും. തൈക്കാട് പോലീസ് ഗ്രൗണ്ടിൽ നടക്കുന്ന സമാപന ചടങ്ങ് മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. എനർജി മാനേജ്മന്റ് സെന്ററിന്റെ ആഭിമുഖ്യത്തിലാണ് മേള നടക്കുന്നത്. 2024 ൽ ആരംഭിച്ച രാജ്യാന്തര ഊർജ്ജ മേളയുടെ രണ്ടാം പതിപ്പാണിത്. decarbonising kerala എന്നതാണ് ഇത്തവണത്തെ പ്രമേയം. മേളയിൽ ഗ്രീൻ എക്സ്പോ, സെമിനാറുകൾ, പാനൽ ചർച്ചകൾ എന്നിവ നടന്നു.

RNU TVPM

&&&&&&&&&&&&

<u>പ്രിയങ്കഗാന്ധി</u>

രാത്രിയാത്രാ നിരോധനവും, വന്യമൃഗ ശല്യവും പരിഹരിക്കാൻ എല്ലാ ശ്രമവും നടത്തുമെന്ന് പ്രിയങ്ക ഗാന്ധി എം പി. വയനാട് മാനന്തവാടി നിയോജക മണ്ഡല ബുത്ത് തല കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. കൂട്ടായ പ്രവർത്തനങ്ങളിലൂടെ തദ്ദേശ തിരഞ്ഞെടുപ്പിൽ ഉജ്ജ്വല വിജയം നേടാൻ സാധിക്കുമെന്നും ശ്രീമതി പ്രിയങ്ക ഗാന്ധി പറഞ്ഞു.

&&&&&&&&&&&&

<u>ജോർജ്ജ് കുര്യൻ</u>

തുമ്പമൺ ഭദ്രാസനത്തിന്റെ ശതോത്തര സുവർണ ജൂബിലി ആഘോഷങ്ങൾക്ക് പത്തനംതിട്ടയിൽ തുടക്കമായി. മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ അങ്കണത്തിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

&&&&&&&&&&&&

**എം വി ഗോവിന്ദൻ**

പാലക്കാട് എലപ്പുള്ളി മദ്യനിർമാണശാലയുമായി ബന്ധപ്പെട്ട ഏത് തർക്കവും പരിഹരിച്ച് മുന്നോട്ടു പോകുമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. പദ്ധതിയുമായി മുന്നോട്ടു പോകാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&

**ദേശീയ ഗെയിംസ്**

38-ാമത് ദേശീയ ഗെയിംസ് അത്ലറ്റിക്സിൽ കേരളത്തിന് ഇന്ന് മൂന്ന് വെങ്കലം. തായ്ക്കോണ്ടോ പുരുഷൻമാരുടെ 80 കിലോഗ്രാം വിഭാഗത്തിൽ മനു ജോർജ്ജും, ഡിസ്കസ് ത്രോയിൽ അലക്സ് പി തങ്കച്ചനും വെങ്കല മെഡൽ നേടി. തായ്ക്കോണ്ടോ ബൂംസേ ഗ്രൂപ്പ് ഇനത്തിൽ കേരളത്തിൻറെ വനിതാ ടീം വെങ്കല മെഡൽ സ്വന്തമാക്കി. മെഡൽ പട്ടികയിൽ സർവ്വീസസ് ആധിപത്യം തുടരുന്നു.

&&&&&&&&&&&&

**ആലപ്പുഴ- ഇൻട്രോ**

ആലപ്പുഴ ജില്ലാ ഭരണകൂടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന "ജനകീയ പ്ലാസ്റ്റിക് മുക്ത വേമ്പനാട്" ക്യാമ്പയിൻ ശ്രദ്ധേയമാകുന്നു.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

**&&&&&&&&&&&&**

**<u>മാരാമൺ കൺവെൻഷൻ</u>**

130-ാമത് മാരാമൺ കൺവെൻഷന് നാളെ തുടക്കമാകും. മലങ്കര മാർത്തോമാ സുറിയാനി സഭയുടെ പരമാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യും. പമ്പാ നദീതീരത്ത് ഈ മാസം 16 വരെയാണ് കൺവെൻഷൻ. തീർത്ഥാടകരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.ടി.സി. പ്രത്യേക സർവ്വീസ് നടത്തുന്നുണ്ട്.

RNU TVPM

**&&&&&&&&&&&&**

**<u>നല്ല വാർത്ത</u>**

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാവുന്നതാണ്.

**&&&&&&&&&&&&**

**<u>മൂന്നാർ- കെ ബി ഗണേഷ്കുമാർ- ഇൻട്രോ</u>**

മൂന്നാറിലെ പ്രകൃതി ഭംഗി ഇനി രാജകീയ പ്രൗഢിയോടെ ആസ്വദിക്കാം. കെ എസ് ആർ ടി സിയുടെ റോയൽ വ്യൂ ഡബിൾ ഡക്കർ ബസ് സർവ്വീസിൻറെ ഉദ്ഘാടനം മന്ത്രി കെ ബി ഗണേഷ്കുമാർ നിർവ്വഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ...**

**(വോയിസ്)**

**&&&&&&&&&&&&**

**<u>ആരോഗ്യമന്ത്രി- ലോകബാങ്ക്</u>**

സംസ്ഥാനത്തെ ആദിവാസി മേഖലയിലെ ആരോഗ്യ ഇടപെടലുകൾക്ക് പിന്തുണയുമായി ലോകാരോഗ്യ സംഘടന. ആരോഗ്യമന്ത്രി വീണാ ജോർജുമായി തിരുവനന്തപുരത്ത് നടത്തിയ കൂടിക്കാഴ്ചയിലാണ് ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ ഇക്കാര്യമറിയിച്ചത്. ഇതിൻറെ ഭാഗമായി കേരളത്തിൻറെ ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാനിന് WHO സാങ്കേതിക സഹായം നൽകും.

RNU TVPM

**&&&&&&&&&&&&**

**<u>ഡീലിമിറ്റേഷൻ കമ്മീഷൻ</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട പരാതികളിൽ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻറെ കാസർഗോഡ് ജില്ലാതല ഹിയറിംഗ് നടക്കും. നിശ്ചിത സമയപരിധിക്ക് മുമ്പായി ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ചവർക്ക് മാത്രമേ ഹിയറിംഗിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&

<u>ചാത്തന്നൂർ - അപകടം</u>

കൊല്ലം ചാത്തന്നൂരിൽ ഡക്ട് സ്ലാബ് തകർന്ന് വീണ് പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവതി മരിച്ചു. തൃശൂർ സ്വദേശി മനീഷയാണ് മരിച്ചത്. ഫോണിൽ സംസാരിച്ച് നിൽക്കവേയാണ് സ്ലാബ് തകർന്ന് മനീഷയും, സുഹൃത്തും അപകടത്തിൽപ്പെട്ടത്. ഇരുവരും ട്രാവൻകൂർ മെഡിക്കൽ കോളജിലെ പാര മെഡിക്കൽ ജീവനക്കാരാണ്.

&&&&&&&&&&&&

<u>താപനില</u>

സംസ്ഥാനത്ത് ഇന്നും നാളെയും സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചൂട് കൂടാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ്.

RIU TVPM

&&&&&&&&&&&&

<u>ബോട്ട് സർവ്വീസ്</u>

ദേശീയപാതയിലെ തിരക്ക് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് ആലപ്പുഴ പാണാവള്ളി ഫെറിയിൽ നിന്നും തേവര ഫെറിയിലേക്കുള്ള പുതിയ യാത്രാ ബോട്ട് സർവീസിന് തുടക്കമായി. അരൂക്കുറ്റി ബോട്ട് ടെർമിനലിൽ ദലീമ ജോജോ എംഎൽഎ ബോട്ട് സർവീസ് ഫ്ലാഗ് ഓഫ് ചെയ്തു. അരൂരിലെ ജനങ്ങളുടെ ദീർഘനാളത്തെ യാത്രാ ദുരിതങ്ങൾക്കുള്ള ശാശ്വത പരിഹാരമാണ് ഈ ബോട്ട് സർവ്വീസ്.

&&&&&&&&&&&&

## പരീക്ഷാ പേ ചർച്ച

പരീക്ഷ പേ ചർച്ച പരിപാടിയുടെ 8-◌ാ◌ം പതിപ്പ് തിങ്കളാഴ്ച. പരീക്ഷാ സമ്മർദ്ദത്തെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുന്ന പരിപാടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് നടക്കുന്നത്. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് പുറമെ അധ്യാപകരും മാതാപിതാക്കളും പരിപാടിയിൽ പങ്കെടുക്കും. ഇതുവരെ 3.30 കോടിയിലധികം വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

&&&&&&&&&&&&

&&&&&&&

&&&

RNU TVPM